Deshabhimani 01.11.17

# 'കൃഷിമന്ത്രി വിളിപ്പുറത്ത്' ഇന്നുമുതൽ

**തിരുവനന്തപുരം >** കർഷകരുടെ ആശങ്കകളും പരാതികളും പരിഹരിക്കാൻ നേരിട്ട് മന്ത്രിയെ വിളിക്കാം. എല്ലാമാസവും ആദ്യത്തെ ബുധനാഴ്ച വൈകിട്ട് 5.30 മുതൽ 6.30 വരെയാണ് കൃഷിമന്ത്രി കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടുകേട്ട് പരിഹാരം കാണുക. കൃഷമന്ത്രി വിളിപ്പുറത്ത് എന്ന പരിപാടിയുടെ ഉദ്ഘാടനം കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് ആനയറ വേൾഡ് മാർക്കറ്റ് ഹാളിൽ വൈകിട്ട് നാലിന് മന്ത്രി വി എസ് സുനിൽകുമാർ നിർവഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനാകും.

18004251661 എന്ന ടോൾ ഫ്രീ നമ്പരിലോ 9447051661 എന്ന വാട്സാപ് നമ്പരിലോ കാർഷിക വിവരസങ്കേതം എന്ന ഫെയ്സ്ബുക്ക് പേജ് വഴിയോ കർഷകർക്ക് മന്ത്രിയുമായി സംവദിക്കാം. മറ്റു ദിവസങ്ങളിൽ ഉദ്യോഗസ്ഥർ കർഷകരുടെ സംശയങ്ങൾക്കും പരാതികൾക്കും പരിഹാരം കാണും.